**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 492** **08-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ സർവീസ് വിരമിക്കലുമായി ബന്ധപ്പെട്ട്.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സർവീസിൽ ജനന തീയതി 1-ാം തീയതി ഉള്ളവർ തൊട്ടുമുൻപത്തെ മാസം വിരമിക്കേണ്ടി വരുന്ന, സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന വിഷയം സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജനനതീയതി മാസത്തിന്റെ ആദ്യ ദിവസം വരുന്ന ജീവനക്കാരൻ വിരമിക്കൽ പ്രായം പൂർത്തിയാക്കുന്നത് തൊട്ടുമുമ്പത്തെ മാസത്തിന്റെ അവസാന ദിവസം അപരാഹ്നത്തിലാണ് എന്നതിനാലാണ് ഒന്നാം തീയതി ജനനത്തീയതി വരുന്ന ജീവനക്കാർ തൊട്ടു മുമ്പുള്ള മാസത്തിന്റെ അവസാന ദിവസം വിരമിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത് കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 60(c) യ്ക്ക് ചുവടെയുള്ള കുറിപ്പ് 7 ൽ ഉദാഹരണ സഹിതം വ്യക്തമാക്കിയിട്ടുണ്ട്. സമാനമായ വ്യവസ്ഥ കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ബാധകമായ ഫണ്ടമെന്റൽ റൂൾസിലും (റൂൾ 56 (a) യ്ക്ക് ചുവടെയുള്ള പ്രൊവിസോ) മറ്റ് സംസ്ഥാനങ്ങളുടെ സർവീസ് ചട്ടങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ജനനതീയതി മാസത്തിന്റെ ഒന്നാം തീയതി വരുന്ന ജീവനക്കാരുടെ വിരമിക്കൽ തീയതി സംബന്ധിച്ച കേരള സർവീസ് ചട്ടങ്ങളിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ട സാഹചര്യം നിലവിലില്ല. |
| (ബി) | ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി 1-ാം തീയതി ജനനതീയതി വരുന്നവർ അതേ മാസം അവസാനം വിരമിക്കുന്ന തരത്തിൽ നിയമ നിർമ്മാണം നടത്തുന്നത് സർക്കാറിന്റെ പരിഗണനയിൽ ഉണ്ടോ? | (ബി) | ജനനതീയതി മാസത്തിന്റെ ആദ്യ ദിവസം വരുന്ന ജീവനക്കാരൻ വിരമിക്കൽ പ്രായം പൂർത്തിയാക്കുന്നത് തൊട്ടുമുമ്പത്തെ മാസത്തിന്റെ അവസാന ദിവസം അപരാഹ്നത്തിലാണ് എന്നതിനാലാണ് ഒന്നാം തീയതി ജനനത്തീയതി വരുന്ന ജീവനക്കാർ തൊട്ടു മുമ്പുള്ള മാസത്തിന്റെ അവസാന ദിവസം വിരമിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത് കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 60(c) യ്ക്ക് ചുവടെയുള്ള കുറിപ്പ് 7 ൽ ഉദാഹരണ സഹിതം വ്യക്തമാക്കിയിട്ടുണ്ട്. സമാനമായ വ്യവസ്ഥ കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ബാധകമായ ഫണ്ടമെന്റൽ റൂൾസിലും (റൂൾ 56 (a) യ്ക്ക് ചുവടെയുള്ള പ്രൊവിസോ) മറ്റ് സംസ്ഥാനങ്ങളുടെ സർവീസ് ചട്ടങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ജനനതീയതി മാസത്തിന്റെ ഒന്നാം തീയതി വരുന്ന ജീവനക്കാരുടെ |

| | | | |
|---|---|---|---|
| | | | വിരമിക്കൽ തീയതി സംബന്ധിച്ച കേരള സർവീസ് ചട്ടങ്ങളിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ